**<u>തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം</u>**

**(ഹാജർ : Dr. Chithra S IAS)**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്– ജീവനക്കാര്യം - മുൻ പഞ്ചായത്ത് വകുപ്പിലെ ക്ലർക്ക് ശ്രീ.സിജിത്ത്.കെ.പി- യെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

**<u>ഉത്തരവ് നമ്പർ LSGD/PD/43532/2024-GEA3 തീയതി:13-06-2025</u>**

പരാമർശം:
1) മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 01.03.2024 തീയതിയിലെ LSGD/JD/MPM/5347/2023-A3 നമ്പർ കത്ത്.
2) പഞ്ചായത്ത് ഡയറക്ടറുടെ 18.10.2011 ലെ ഇ6.20944/2010 നമ്പർ ഉത്തരവ്.
3) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം-ന്റെ 01.12.2011 - ലെ ഡി3. 2546/2011 നമ്പർ ഉത്തരവ്.
4) പഞ്ചായത്ത് ഡയറക്ടറുടെ 10.07.2017 - ലെ ഇ6-44444/16 നമ്പർ ഉത്തരവ്.
5) ഈ ആഫീസിലെ 09.05.2025 തീയതിയിലെ ഇതേ നമ്പർ നോട്ടീസ്.

**<u>ഉത്തരവ്</u>**

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായ മുൻ പഞ്ചായത്ത് വകുപ്പിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.സിജിത്ത്.കെ.പി ക്ലർക്ക് തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ടിയാളെ മുൻ പഞ്ചായത്ത് വകുപ്പിലെ ക്ലർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പരാമർശം (2), (3) ഉത്തരവുകൾ പ്രകാരം 04.01.2012 തീയതിയാണ് അന്തർ വകുപ്പ് സ്ഥലം മാറ്റം വഴി ശ്രീ.സിജിത്ത് കെ.പി പഞ്ചായത്ത് വകുപ്പിൽ സേവനത്തിൽ പ്രവേശിച്ചത്. ഈ സാഹചര്യത്തിൽ ശ്രീ. സിജിത്ത്.കെ.പി -യെ 04.01.2012 തീയതി അടിസ്ഥാനമാക്കി 01.01.2012 മുതൽ 31.12.2013 വരെ മുൻ പഞ്ചായത്ത് വകുപ്പിൽ നിയമന ശുപാർശ ലഭിച്ച് സേവനത്തിൽ പ്രവേശിച്ച ക്ലർക്കുമാരുടെ പരാമർശം(4) സീനിയോറിറ്റി പട്ടികയിൽ ക്രമ നം. 15 ശ്രീമതി. ആതിര ശശിയ്ക്കും ക്രമ നം. 16 ശ്രീ. അമൽ കെ.എസ്സിനും ഇടയിൽ ക്രമ നം. 15 എ ആയി ഉൾപ്പെടുത്തി പരാമർശം(5) പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചതിൽ ആക്ഷേപങ്ങളൊന്നും ലഭ്യമായിട്ടില്ല.

മേൽ സാഹചര്യത്തിൽ ശ്രീ.സിജിത്ത് കെ.പി -യെ മുൻ പഞ്ചായത്ത് വകുപ്പിലെ ക്ലർക്ക് തസ്തികയിലെ 01.01.2012 മുതൽ 31.12.2013 വരെയുള്ള കാലയളവിലെ

ജീവനക്കാരുടെ പരാമർശം (4) അന്തിമ സീനിയോരിറ്റി പട്ടികയിൽ ക്രമ നം. 15 എ ആയി ഉൾപ്പെടുത്തി പ്രസ്തുത സീനിയോരിറ്റി പട്ടിക പുനക്രമീകരിച്ചും അപ്രകാരം ഭേദഗതി ചെയ്തും ഉത്തരവാകുന്നു.

Dr. Chithra S IAS
PRINCIPAL DIRECTOR

പകർപ്പ് :
1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും.
2. ശ്രീ. സിജിത്ത് കെ.പി, ക്ലർക്ക്, താനാളൂർ ഗ്രാമ പഞ്ചായത്ത് (ജില്ലാ ജോയിന്റ് ഡയറക്ടർ മുഖാന്തിരം)
3. ജൂനിയർ സൂപ്രണ്ട്, DEC-സെക്ഷൻ
4. സിസ്റ്റം സൂപ്പർ വൈസർ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി